പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4158 — 21.07.2015-ൽ മറുപടിക്ക്

## ഇ-മാലിന്യ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>" കെ. മുഹമ്മദുണ്ണി ഹാജി.<br>" എൻ. ഷംസുദ്ദീൻ<br>" പി.ബി. അബ്ദുൾ റസാക് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) ഇ-മാലിന്യ ശേഖരണവും റീസൈക്ലിംഗും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ: | (എ) ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നതിനുമുള്ള പ്രോജക്ടിനായി ടെൻഡറുകൾ ക്ഷണിക്കുകയും സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും ദിവസേന പുറംതള്ളുന്ന ഇ-മാലിന്യങ്ങളും നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനുമുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ സംസ്ഥാനത്ത് നിന്നും 110 ടൺ ഇ-മാലിന്യങ്ങൾ ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റ്, സി.എ ഫ്.എൽ., എൽ.ഇ.ഡി ടെലിവിഷൻ സെറ്റ് എന്നിവ ശേഖരിച്ച് നിർമ്മാർജ്ജനം/റീസൈ ക്ലിംഗ് നടത്തുന്നതിന് എന്തെല്ലാം സംവിധാ നങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും,സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടെലി ഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോ കോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷനറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോക്ക് 5 രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇലക്ട്രോണിക് സാധനങ്ങൾ വില്പന/ സർവ്വീസിംഗ് നടത്തുന്ന സ്ഥാപനങ്ങൾ മുഖേന ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെ ങ്കിൽ അതിനു നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |

Manjul

സെക്ഷൻ ഓഫീസർ